അനുവാദം ലഭിക്കുന്നതിലേക്ക് കനാലിന് സമീപം താമസിക്കുന്നവർ ഏറാമല ഗ്രാമപഞ്ചായത്ത് തീരുമാനം സഹിതം ഒരു അപേക്ഷ 6-2-2012-ൽ കുറ്റ്യാടി മൈനർ ഇറിഗേഷൻ ഡിവിഷൻ ആപ്പീസിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇതേ ആവശ്യാർത്ഥം 8-4-2013-ൽ ബഹു. ജലസേചന വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം 1023/പി/2013/എം (ഡബ്ല്യു.ആർ.) നമ്പർ പ്രകാരം തുടർ നടപടികൾക്കായി വകുപ്പിൽ ലഭിച്ചിട്ടുണ്ടോ ;

(സി) തദ്ദേശവാസികളുടെ ആവശ്യത്തിന്മേൽ കുറ്റ്യാടി മൈനർ ഇറിഗേഷൻ ഡിവിഷനിൽ സ്വീകരിച്ച നടപടികളും അന്തിമമായി നൽകിയ ഉത്തരവും സംബന്ധിച്ച് വിശദമാക്കുമോ ;

(ഡി) സ്വന്തം ചെലവിൽ കനാലിന് കുറുകെ പാലം നിർമ്മിക്കാൻ തദ്ദേശവാസികൾ പഞ്ചായത്ത് തീരുമാനം സഹിതം സമർപ്പിച്ച ഹർജിയിന്മേൽ തീരുമാനം എടുക്കുന്നതിന് കാലവിളംബം നേരിടുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കുറ്റ്യാടി ഡിവിഷനിൽ കോഴിക്കോട് ജില്ലയിലെ ഓർക്കാട്ടേരിയിൽ കുറ്റ്യാടി മൈനർ ഇറിഗേഷൻ കനാലിന് കുറുകെ സ്വന്തം ചെലവിൽ ഒരു പാലം നിർമ്മിക്കുവാൻ അനുവാദം ലഭിക്കുന്നതിലേക്കായി കനാലിന് സമീപം താമസിക്കുന്നവർ ഏറാമല ഗ്രാമപഞ്ചായത്ത് തീരുമാനം സഹിതം അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി & സി) ചീഫ് എഞ്ചിനീയർ പ്രോജക്ട്-I കോഴിക്കോടിന്റെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. നിവേദനത്തിലെ ആവശ്യം പ്രസ്തുത ഓഫീസിൽ പരിശോധിച്ചു വരുന്നു.

(ഡി) പ്രസ്തുത വിഷയത്തിൽ കാലവിളംബം നേരിട്ടിട്ടില്ല.

ആമത്തറതോട് സ്ലാബിട്ട് മൂടുന്നതിന് പദ്ധതി

119 (8179) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ മ്യൂസിയത്തിൽ നിന്നും നളന്ദയിൽ നിന്നും മഴവെള്ളം ഒഴുകി പട്ടത്ത് എത്തിച്ചേരുന്ന ആമത്തറതോട് സ്ലാബിട്ട് മൂടുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നുവോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം ഭാഗത്ത് സ്ലാബ് ഇടുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) നളന്ദയിൽനിന്നും ചാരാച്ചിറ റോഡ് വരെയുള്ള ഭാഗത്ത് സ്ലാബ് ഇടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഭാഗത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം പരിസരവാസികൾക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) തിരുവനന്തപുരം നഗരത്തിൽ മ്യൂസിയത്തിൽനിന്നും നളന്ദയിൽ നിന്നും മഴവെള്ളം ഒഴുകി പട്ടത്ത് എത്തിച്ചേരുന്ന ആമത്തറതോട് സ്ലാബിട്ട് മൂടുന്നതിന് "സുതാര്യ കേരളം - പ്രോജക്ട് മെയിന്റനൻസ്-ആമത്തറ കനാലിൽ സ്ലാബിടുന്നത്" എന്ന പേരിൽ 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 97.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2013-14-ൽ തയ്യാറാക്കിയിരുന്നു. നളന്ദ ജംഗ്ഷൻ മുതൽ പട്ടം തോട് വരെയുള്ള ഭാഗത്ത് സ്ലാബ് ഇടുന്നതിനുള്ള പദ്ധതിയാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല.

(സി &ഡി) ഉണ്ട്.

(ഇ) തോടിൽ മാലിന്യ നിക്ഷേപം തടയുന്നതിനുള്ള കവറിംഗ് സ്ലാബ് ഇടുന്നതിനുള്ള പ്രൊപ്പോസലാണ് തയ്യാറാക്കിയിരിക്കുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് പ്രവൃത്തികൾ

120 (8180) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം റിവർമാനേജ്മെന്റിന് കോഴിക്കോട് ജില്ലയിൽ എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത് ; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തി ആവശ്യമുള്ള സ്ഥലങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly